**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**<u>പത്രക്കുറിപ്പ്</u>**

**<u>ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സുകളിലേക്കുള്ള പ്രവേശനം–2022</u>**
**<u>പുതുക്കിയ കേരള സ്റ്റേറ്റ് അന്തിമ റാങ്ക് ലിസ്റ്റ്, പുതുക്കിയ താത്കാലിക കാറ്റഗറി ലിസ്റ്റ്</u>**
**<u>എന്നിവ പ്രസിദ്ധീകരിച്ചു.</u>**

ബിരുദാനന്തര ബിരുദ ദന്തൽ (ഡിഗ്രി) കോഴ്സ് – 2022 പ്രവേശനത്തിനുള്ള നീറ്റ് പി.ജി യോഗ്യതാ മാനദണ്ഡത്തിൽ ഇളവ് വരുത്തികൊണ്ടുള്ള 12.10.2022 തീയതിയിലെ MOHF.V/12025/129/2022–DE കത്ത് പ്രകാരം പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികൾക്കും പ്രസ്തുത കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അപേക്ഷിക്കുന്നതിന് അവസരം നൽകിയിരുന്നു. ഇത്തരത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ പുതുതായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളെയും കൂടി ഉൾപ്പെടുത്തി കൊണ്ടുള്ള പുതുക്കിയ അന്തിമ റാങ്ക് ലിസ്റ്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു.ഇതോടൊപ്പം പുതുക്കിയ താത്കാലിക കാറ്റഗറി ലിസ്റ്റും മേൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്

പുതുക്കിയ താത്കാലിക കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച് പരാതിയുള്ള വിദ്യാർത്ഥികൾ പ്രസ്തുത പരാതികൾ ആപ്ലിക്കേഷൻ നമ്പർ, പേര് എന്നിവ സഹിതം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഇ.മെയിൽ മുഖേന (ceekinfo.cee@kerala.gov.in) 09.11.2022 ഉച്ചയ്ക്ക് 12 മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ലഭിക്കുന്ന സാധുവായ പരാതികൾ പരിഹരിച്ചതിനുശേഷം അന്തിമ കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.
ഹെൽപ്പ് ലൈൻ നം. 0471 2525300

**പ്രവേശന പരീക്ഷാകമ്മീഷണർ**

തിരുവനന്തപുരം
**08/11/2022**